**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2550** **12-12-2022 - ൽ മറുപടിയ്ക്ക്**

**മാലിന്യസംസ്കരണം ഏകോപിപ്പിക്കുന്നതിന് യുവ പ്രൊഫഷണലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നഗരസഭകളിലെ മാലിന്യസംസ്കരണം ഏകോപിപ്പിക്കുന്ന ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥർ ആരെന്ന് വ്യക്തമാക്കുമോ; | (എ) | നഗരസഭകളിൽ മാലിന്യസംസ്കരണം ഏകോപിപ്പിക്കുന്ന ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥൻ നഗരസഭാ സെക്രട്ടറിയാണ്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എല്ലാ നഗരസഭകളിലും നഗരസഭാ സെക്രട്ടറി, നഗരസഭാ എൻജിനീയർ, ഹെൽത്ത് സൂപ്പർവൈസർ എന്നിവർ അംഗങ്ങളായി SWM സെല്ലുകൾ രൂപീകരിച്ചിട്ടുള്ളതാണ്. |
| (ബി) | ഇതിനായി യുവ പ്രോഫഷണലുകളെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | യുവ പ്രൊഫഷണലുകളെ നിയമിക്കുന്നതിന് വേണ്ടി ശുചിത്വമിഷൻ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | യുവ പ്രൊഫഷണലുകളെ നിയമിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി ഏതാണ്; പ്രസ്തുത ഏജൻസിക്ക് റിക്രൂട്ട്മെന്റ് നടത്താൻ അധികാരം നൽകിയിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | യുവ പ്രൊഫഷണലുകളെ നിയമിക്കുന്നതിന് വേണ്ടി ശുചിത്വമിഷൻ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ